(ബി) ഈ കാര്യത്തിൽ സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) മാന്നാറിലും പൂച്ചാക്കലും സബ് ട്രഷറികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നാണ് അവ തുറന്ന് പ്രവർത്തനമാരംഭിച്ചത് ;

(ഇ) ആ കൂട്ടത്തിൽ മുതുകുളത്ത് സബ് ട്രഷറി അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണ് :

(എഫ്) കായംകുളത്ത് മൂന്ന് വർഷം മുമ്പ് ആരംഭിച്ച കൃഷ്ണപുരം, കണ്ണല്ലൂർ, പത്തിയൂർ എന്നിവിടങ്ങളിലെ ഏകാംഗ ട്രഷറികൾ ഇനിയും ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ ഏകാംഗട്രഷറികൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ട്രഷറി കംമ്പ്യൂട്ടറൈസേഷൻ പൂർത്തിയായതിനുശേഷം ഇതിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(സി & ഡി) 25-2-2000 പൂച്ചാക്കലിൽ സബ് ട്രഷറി ആരംഭിച്ചു. മാന്നാറിൽ ആരംഭിച്ചിട്ടില്ല.

(ഇ) ഭരണപരമായ സൗകര്യം കണക്കിലെടുത്താണ് പുതിയ സബ് ട്രഷറികൾ അനുവദിക്കുന്നത്.

(എഫ് & ജി) 25-8-1998-ൽ ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനപ്രകാരം കംപ്യൂട്ടറൈസേഷൻ പൂർത്തിയായതിനുശേഷം യുക്തമായ തീരുമാനം എടുക്കുന്നതാണ്.

ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃസംഘടന

35 (2748) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് ഓഡിറ്റ് വകുപ്പ് പുനഃസംഘടിപ്പിക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നുവോ ;

(ബി) എങ്കിൽ പുനഃസംഘടനാ പ്രൊപ്പോസൽ ഡയറക്ടർ എന്നാണ് ഗവൺമെന്റിന് സമർപ്പിച്ചത്; ഇതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ;

(സി) ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എത്ര തസ്തികകളാണ് അധികമായി പുനഃസംഘടനാ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നത് ;

(ഡി) വകുപ്പ് പുനഃസംഘടന നടക്കാത്തതിനാൽ ഓഡിറ്റ് കുടിശ്ശികയാകുന്നതുമൂലം ക്രമക്കേടുകൾ യഥാസമയം കണ്ടുപിടിക്കാതെ പോകുന്നതിനാലും ക്രമക്കേടുകൾ നടന്ന് 4 വർഷം കഴിഞ്ഞാൽ ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിയാകുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയാത്തതിനാലും ഖജനാവിൽ നഷ്ടം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനത്തിന് ചെലവാകുന്നതിനെക്കാൾ തുക ഓഡിറ്റ് ഫീ ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന സാഹചര്യത്തിൽ അധിക തസ്തികകൾ അനുവദിച്ചും പുതിയ ഓഫീസുകൾ ആരംഭിച്ചും വകുപ്പ് പുനഃസംഘടന നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1993-95-ലെ എസ്റ്റിമേറ്റ് കമ്മിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അധിക തസ്തികകൾ അനുവദിക്കുന്നതിനും വകുപ്പു പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി പഠനം നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ബി) 27-9-1995 ലാണ് വകുപ്പ് പുനഃസംഘടനാ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചത്. അതനുസരിച്ച് പി.ആന്റ്.എ.ആർ.ഡി. വകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(സി) 1285 അധിക തസ്തികകൾ അനുവദിക്കണമെന്നാണ് പുനഃസംഘടനാ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽവരുന്ന സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ യഥാസമയം ഹാജരാക്കാത്തതാണ് ക്രമക്കേടുകൾ കണ്ടുപിടിക്കാതെ പോകുവാനുള്ള പ്രധാന കാരണം.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി രൂപീകരിക്കുന്ന ഓഡിറ്റ് കമ്മീഷന്റെ ഘടനയും നടപടിക്രമങ്ങളും പൂർത്തിയായതിനുശേഷം വകുപ്പിന്റെ പുന:സംഘടനയെക്കുറിച്ച് ചിന്തിക്കുന്നതാണ്.

തസ്തിക നിർത്തലാക്കിയ നടപടി

36 (2749) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ ഒരു അഡീഷണൽ ഡയറക്ടറുടെ തസ്തിക ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) തസ്തിക നിറുത്തൽ ചെയ്യുന്നതുമൂലം ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യത കുറയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തസ്തിക പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly